# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2873

19.06.14 ൽ - മറുപടിക്ക്

## റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി. സതീശൻ<br>,, വർക്കല കഹാർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് റേഷൻകടകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഏകീകൃത നിറവും രൂപവും നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ബയോമെട്രിക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന **Point of Sale(PoS)** സംവിധാനം സ്ഥാപിച്ച് റേഷൻ വിതരണം സുതാര്യമാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) റേഷൻകടകൾ മുകളിൽ പറഞ്ഞ പ്രകാരം നവീകരിക്കുന്നതിലൂടെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുന്നതാണ്. ഇതിലൂടെ പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തിരിമറിയും പൂർണ്ണമായും തടയാൻ സാധിക്കും. കൂടാതെ റേഷൻ ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഒരു തടസ്സവുമില്ലാതെ ലഭിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ്തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള **State Apex Committee**, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള **State Project e-Mission Team**, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള **Technical Committee**, എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധിതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ